**പതിമൂന്നാം കേരള നിയമസഭ**
**നാലാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 446** — **06/3/2012-ൽ മറുപടിയ്ക്ക്**

**ഗ്രാമപഞ്ചായത്തുകളുടെ ആസ്തി രജിസ്റ്റർ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി പി.അയിഷാ പോറ്റി : | ഡോ.എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി) |
| (എ) ഗ്രാമപഞ്ചായത്തുകളുടെ ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നതിലൂടെ സർക്കാർ ഉദ്ദേശിച്ച ലക്ഷ്യങ്ങൾ എന്തെല്ലാമാണ്; | (എ) സംസ്ഥാന സർക്കാരിൽ നിന്ന് കൈമാറ്റം ചെയ്ത് കിട്ടിയത് ഉൾപ്പെടെയുള്ള ആസ്തികൾ സംരക്ഷിക്കുന്നതിനും ഭൂമി കൈയ്യേറ്റം തടയുന്നതിനും വേണ്ടിയാണ് ആസ്തി രജിസ്റ്റർ തയ്യാറാക്കാൻ നിർദ്ദേശിച്ചത്. ആസ്തികളുടെ പരിപാലനത്തിനും സംരക്ഷണത്തിനും ആവശ്യമായ പദ്ധതികൾ ആസൂത്രണം ചെയ്യേണ്ടത് ആസ്തി രജിസ്റ്ററുകളിലെ വിവരങ്ങളുടെ അടിസ്ഥാനത്തിലാണ്. തദ്ദേശഭരണ സ്ഥാപനങ്ങളിൽ ഡബിൾ എൻട്രി അക്കൗണ്ടിംഗ് സമ്പ്രദായം നടപ്പാക്കുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചു വരികയാണ്. ഈ സമ്പ്രദായം നടപ്പാക്കുന്നതിനും ആസ്തികളുടെ പൂർണ്ണമായ വിവരം ആവശ്യമാണ്. ആസ്തികളുടെ സംരക്ഷണത്തിന് ഫണ്ട് അനുവദിക്കുന്നതും ആസ്തി രജിസ്റ്ററുകളിലെ വിവരങ്ങളെ ആധാരമാക്കി നിശ്ചയിക്കുന്ന മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണ്. ഈ കാരണങ്ങളാൽ ആസ്തി രജിസ്റ്ററിലെ വിവരങ്ങൾ കുറ്റമറ്റതും പൂർണ്ണവുമാക്കി കാലകാലങ്ങളിലെ മാറ്റങ്ങളും കൂടി ഉൾപ്പെടുത്തി സൂക്ഷിക്കേണ്ടതുണ്ട്. |
| (ബി) ആസ്തി രജിസ്റ്റർ തയ്യാറാക്കി നൽകുന്നതിന് പഞ്ചായത്തുകൾക്ക് സമയ പരിധി നിശ്ചയിച്ചിരുന്നെങ്കിൽ ആയതിന്റെ വിശദാംശം വെളിപ്പെടുത്തുമോ ; | (ബി) ആസ്തി രജിസ്റ്റർ തയ്യാർ ചെയ്യുന്നതിന് 25/1/12-വരെയാണ് സമയ പരിധി നൽകിയിരുന്നത്. |

(സി) ആസ്തി രജിസ്റ്റർ തയ്യാറാക്കി (സി) നൽകിയ പഞ്ചായത്തുകളുടെ പട്ടിക, ജില്ല തിരിച്ച് വെളിപ്പെടുത്തുമോ ?

| ജില്ലയുടെ പേര് | ആകെ പഞ്ചായത്തുകളുടെ എണ്ണം | ആസ്തി രജിസ്റ്റർ പൂർത്തീകരിച്ച് പഞ്ചായത്തുകളുടെ എണ്ണം |
|---|---|---|
| തിരുവനന്തപുരം | 73 | 65 |
| കൊല്ലം | 70 | 70 |
| പത്തനംതിട്ട | 54 | 52 |
| ആലപ്പുഴ | 73 | 73 |
| കോട്ടയം | 73 | 73 |
| ഇടുക്കി | 53 | 52 |
| എറണാകുളം | 84 | 84 |
| തൃശ്ശൂർ | 88 | 72 |
| പാലക്കാട് | 91 | 91 |
| വയനാട് | 25 | 13 |
| കോഴിക്കോട് | 75 | 60 |
| മലപ്പുറം | 100 | 96 |
| കണ്ണൂർ | 81 | 80 |
| കാസർഗോഡ് | 38 | 32 |
| ആകെ | 978 | 913 |

സെക്ഷൻ ഓഫീസർ